# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 18 | 2019 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

### സാംക്രമിക രോഗങ്ങൾക്ക് പ്രതിരോധ മരുന്നുകൾ

ചെങ്കണ്ണ്, ചിക്കൻപോക്സ്, പകർച്ചപ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങൾക്ക് ഫലപ്രദമായ മരുന്നുകൾ സന്നിധാനത്തെ സർക്കാർ ഹോമിയോ ആശുപത്രിയിൽ ലഭ്യമാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. ഈ രോഗലക്ഷണങ്ങളുള്ള ഭക്തജനങ്ങൾ ആശുപത്രിയിലെത്തി ചികിത്സ തേടണം.

വിവിധ രോഗങ്ങൾക്ക് ചികിത്സ തേടി പ്രതിദിനം 150 ഓളം തീർത്ഥാടകർ ആശുപത്രിയിലെത്തുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മുട്ടുവേദന, തൊണ്ടവേദന, ചുമ, അലർജി തുടങ്ങി തീർത്ഥാടകരിൽ സാധാരണ കാണുന്ന പ്രശ്നങ്ങൾക്കു പുറമേ, നിലവിലുള്ള പഴകിയ രോഗങ്ങൾക്കും ഇവിടെ ചികിത്സ ലഭ്യമാണ്. കഫക്കെട്ടും ശ്വാസം മുട്ടലും അനുഭവപ്പെടുന്ന രോഗികൾക്ക് നെബുലൈസേഷൻ സൗകര്യവുമുണ്ട്.

(പി.ആർ. ശബരി-189)

## പൂജാദ്രവ്യങ്ങൾ ക്ഷേത്രാങ്കണത്തിൽ വിതറരുത്: മാളികപ്പുറം മേൽശാന്തി

ഭക്തർ അർച്ചനയ്ക്കായി കൊണ്ടുവരുന്ന മഞ്ഞൾപ്പൊടി, കുരുമുളക്, മാലകൾഎന്നിവ ക്ഷേത്ര മുറ്റത്ത് വിതറുന്നതും പട്ട് ക്ഷേത്രഗോപുരത്തിലേയ്ക്ക് വലിച്ചെറിയുന്നതും തെറ്റാണെന്ന് മാളികപ്പുറം മേൽശാന്തി മാടവന പരമേശ്വരൻ നമ്പൂതിരി പറഞ്ഞു.

പൂജാദ്രവ്യങ്ങൾ ദേവസന്നിധിയിൽ സമർപ്പിക്കാനും പട്ട് ദേവീഗാത്രത്തിൽ ഉടയാടയായി അണിയാക്കാനുമുള്ളതാണ്. ഇവ പാത്രത്തിലോ ഇലയിലോ വച്ച് തിരുനടയിൽ സമർപ്പിക്കണം. ആവശ്യമുള്ളവർക്ക് പ്രസാദമായി പൂജിച്ച് വാങ്ങാം. മാളികപ്പുറത്ത് നടയടയ്ക്കുമ്പോൾ ദേവീ ബിംബം മഞ്ഞളിൽ മൂടും. ഇതിനായി നടയിൽ സമർപ്പിക്കപ്പെട്ടുന്ന മഞ്ഞൾപ്പൊടിയാണ് ഉപയോഗിക്കുക.

പനിനീർ തളിക്കുന്നതും തെറ്റായ രീതിയാണ്. പനിനീർ ഉണ്ടാക്കുന്നത് ചില രാസപദാർത്ഥങ്ങൾ ഉപയോഗിച്ചാണ്. ഇതാണ് പരിശുദ്ധിക്കായി നാം തളിക്കുന്നത്. പനിനീർ കുപ്പികൾ മിക്കവാറും പ്ലാസ്റ്റിക് കുപ്പികളാണ്. ഉപയോഗശേഷം ഇവ അലക്ഷ്യമായി വലിച്ചെറിയുന്നത് പരിസ്ഥിതിക്കും അന്തരീക്ഷത്തിനും വലിയ ക്ഷതമുണ്ടാക്കുന്ന നടപടിയാണ്. ദേവസന്നിധികൾ അനാചാരങ്ങളുടെ പേരിൽ മലിനമാക്കുന്ന ഭക്തരുടെ ഇത്തരം പ്രവൃത്തികൾ ഒഴിവാക്കണമെന്നും മേൽശാന്തി പറഞ്ഞു.

(പി.ആർ. ശബരി-190)

## അടിയന്തര വൈദ്യസഹായത്തിന് 04735-203232 ൽ വിളിക്കണം

സന്നിധാനത്ത് ഏതെങ്കിലും തീർഥാടകർക്ക് അപകടമോ, ആരോഗ്യപ്രശ്നങ്ങളോ നേരിട്ടാൽ ഉടൻ ആംബുലൻസ് സർവീസിന് വിളിക്കാതെ അടിയന്തര വൈദ്യസഹായത്തിന് 04735-203232 ൽ വിളിക്കണമെന്ന് സന്നിധാനം ആർ.എം.ഒ അറിയിച്ചു. എമർജൻസി മെഡിക്കൽ സെന്ററുകളുടെ കൺട്രോൾ റൂം നമ്പരാണിത്. അടിയന്തര സാഹചര്യം എന്താണെന്നും സ്ഥലം, രോഗാവസ്ഥയിലുള്ള ആളുടെയോ, ആളുകളുടെയോ വിവരം എന്നിവ വ്യക്തമായി അറിയിക്കണം. കൺട്രോൾ റൂമിൽനിന്ന് ഉടൻ എമർജൻസി മെഡിക്കൽ സെന്ററുകളിലേക്ക് വിവരം നൽകുകയും പരിശീലനം നേടിയ നഴ്സുമാരുടെ

സേവനവും ആവശ്യമായ പ്രാഥമിക ചികിൽസയും ഉടൻ ലഭ്യമാക്കും. അതിനുശേഷം ആവശ്യമെങ്കിൽ, എറ്റവും അടുത്തുള്ള അയ്യപ്പസേവാസംഘം പോയിന്റിൽ നിന്ന് സ്ട്രെക്ച്ചർ ലഭ്യമാക്കുകയും ആംബുലൻസ് സർവീസിന് അറിയിപ്പ് നൽകുകയും അടുത്തുള്ള ആശുപത്രിയിൽ എത്തിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യും. ഇങ്ങനെ ചെയ്യുന്നത് രോഗിയ്ക്ക് അടിയന്തരമായി പ്രാഥമിക ചികിൽസ ലഭ്യമാക്കാനും അപകടസാധ്യത കുറയ്ക്കാനും സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

(പി.ആർ. ശബരി-191)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 18 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

# തീർഥാടകർക്ക് ദൃശ്യവിസ്മയം പകർന്ന് പമ്പയിലെ പൂങ്കാവനം ശിൽപാവിഷ്ക്കാരം

***ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം നിർവഹിച്ചു***

ശബരിമല തീർഥാടകർക്ക് ദൃശ്യവിസ്മയം പകരുന്ന പമ്പയിലെ പൂങ്കാവനം ശിൽപാവിഷ്ക്കാരം ദേവസ്വംവകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. കാനനവാസനായ അയ്യപ്പന്റെ ജനനവും പുണ്യനദിയായ പമ്പയും ഉൾപ്പെടുന്നതാണ് ശിൽപാവിഷ്ക്കാരം.

പൂങ്കാവനത്തിന്റെ മനോഹാരിത പൂർണമായി അവതരിപ്പിക്കുന്ന ശിൽപാവിഷ്ക്കാരം പമ്പയിലൂടെ സന്നിധാനത്തേക്ക് കടന്നു പോകുന്ന തീർഥാടകർക്ക് ഒരേസമയം വിസ്മയവും ആനന്ദവും പകരുന്നതാണ്. ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ പ്രശസ്ത സിനിമാ-കലാസംവിധായകനായ അനിൽ കുമ്പഴയാണ് പമ്പയിലെ ശിൽപാവിഷ്ക്കാരം നിർമിച്ചത്. പമ്പയിൽ നിന്ന് തീർഥാടനവഴിയായ ഗണപതി കോവിലിലേക്ക് പോകുന്നവഴിയിലാണ് കൗതുകകരമായ ശിൽപാവിഷ്കാരം സജ്ജമാക്കിയിട്ടുള്ളത്. ശബരിമലയിൽനിന്ന്

ഉത്ഭവിക്കുന്ന പമ്പയാറും, മണികണ്ഠനെ പന്തളം രാജാവിന് ലഭിച്ച കാനനപശ്ചാത്തലവും, പർണശാലയും, മണികണ്ഠന്റെ സന്തതസഹചാരികളായ പുലികളും അടങ്ങുന്ന ശിൽപാവിഷ്ക്കാരം തീർഥാടകർക്ക് നവ്യാനുഭവമാണ് പകരുന്നത്. മണികണ്ഠന്റെ ജനന സംബന്ധമായ കഥ പ്രതിപാദിക്കുന്ന തരത്തിലാണ് ശിൽപാവിഷ്ക്കാരം തയാറാക്കിയിട്ടുള്ളത്.

ശിൽപ്പം ഒരുക്കിയ അനിൽ കുമ്പഴ, രതീഷ് മോഹൻദാസ്, ജോബിൻ ജോസഫ്, ജോബിൻമാത്യൂ, അജയ്ദേവ് കൊട്ടാരക്കര, സിഷാജുദ്ദീൻ, സുരേഷ് ബാബു, സഞ്ജയ്നാഥ്, സഫീർ ബിലാൽ, ബിനുലാൽ, ഇർഷാദ് എന്നിവരെ മന്ത്രി ആദരിച്ചു.

എം എൽ എ മാരായ രാജു എബ്രഹാം, പി.സി. ജോർജ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ. വാസു, പത്തനംതിട്ട ജില്ലാ കളക്ടർ പി.ബി. നൂഹ്, കോട്ടയം ജില്ലാ കളക്ടർ പി.കെ. സുധീർബാബു, പൊതുഭരണ-ദേവസ്വം സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, ജില്ലാ പോലീസ് മേധാവി ജി. ജയദേവ്,ശബരിമല എഡിഎം എൻഎസ്കെ ഉമേഷ്, തിരുവല്ലാ സബ് കളക്ടർ ഡോ. വിനയ് ഗോയൽ, ദേവസ്വം ബോർഡ് മെമ്പർമാരായ അഡ്വ. എൻ. വിജയകുമാർ, കെ.എസ്. രവി, ദേവസ്വം ബോർഡ് കമ്മീഷണർ എം. ഹർഷൻ, ദേവസ്വം ബോർഡ് ചീഫ് എൻജിനിയർ ജി. കൃഷ്ണകുമാർ, തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ. ശബരി-192)

## സമീപവർഷങ്ങളിലെ മികച്ച തീർഥാടനകാലം: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

ഭക്തജനസൗകര്യങ്ങൾ, ഭക്തജനസാന്നിധ്യം, സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും ദേവസ്വംബോർഡിന്റേയും ഏകോപനം എന്നീ കാര്യങ്ങളിലെല്ലാം മുൻവർഷങ്ങളിലേതിനെ അപേക്ഷിച്ച് ഇത്തവണത്തെ തീർഥാടനം മികവുറ്റതാണെന്ന് ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. മണ്ഡലപൂജയ്ക്ക് മുൻപായി തീർഥാടകർക്ക് നൽകിയ സൗകര്യങ്ങൾ അവലോകനം ചെയ്യുന്നതിന് പമ്പ ദേവസ്വം കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശബരിമല മണ്ഡല തീർഥാടനവുമായി ബന്ധപ്പെട്ട് വകുപ്പുകളുടെ യോജിച്ച പ്രവർത്തനമുണ്ടായി. മണ്ഡല ഉത്സവകാലം മനോഹരമാകാൻ ഇത് സഹായകമായി. വലിയ തോതിൽ തീർഥാടകർ എത്തിയ തീർഥാടനകാലമായിരുന്നു ഇത്. തീർഥാടകർക്ക് ആവശ്യമായ സൗകര്യങ്ങളെല്ലാം തന്നെ ഏർപ്പെടുത്താൻ സാധിച്ചു. മണ്ഡലപൂജയും മകരവിളക്കും തീർഥാടകർക്ക് പ്രയാസമുണ്ടാകാതെ മികച്ച രീതിയിൽ നടത്താൻ വകുപ്പുകൾ ശ്രദ്ധിക്കണം. മണ്ഡല

കാലത്ത് പോലീസും മികച്ച പ്രകടനം നടത്തിയെന്ന് മന്ത്രി പറഞ്ഞു.

നിലയ്ക്കലിലെ പാർക്കിങ് സൗകര്യം വർധിപ്പിക്കും. നിലയ്ക്കലിൽ പ്ലാസ്റ്റിക് ചാക്കുകളിൽ കെട്ടിവെച്ചിരിക്കുന്ന മാലിന്യങ്ങൾ അപ്പപ്പോൾ നീക്കം ചെയ്യണം. മാലിന്യങ്ങളിൽ ആകൃഷ്ടരായി ആനക്കൂട്ടം ഇവിടെ എത്തുന്നത് പതിവാണ്. ഇത് ജനങ്ങൾക്കും ആനക്കൂട്ടത്തിനും അപകടകരമായതിനാൽ അടിയന്തര നടപടികൾ സ്വീകരിക്കണം. ഇലവുങ്കൽ, ചാലക്കയം, നിലയ്ക്കൽ, പമ്പ മേഖലകളിൽ ബി.എസ്.എൻ.എല്ലിന്റെ സേവനം മെച്ചപ്പെടുത്തണമെന്നും മന്ത്രി നിർദേശിച്ചു.

ദർശനം കഴിഞ്ഞ് മലയിറങ്ങി വന്ന തീർഥാടകർക്ക് മടങ്ങുന്നതിന് ആവശ്യമായ വാഹനസൗകര്യം കെ.എസ്.ആർ.ടി.സി. ഉറപ്പുവരുത്തണം. എല്ലാ സമയത്തും 65 ബസുകൾ പമ്പയിൽ ഉണ്ടാകണം. ഇനിയുള്ള ദിവസങ്ങളിൽ കൂടുതൽ തീർഥാടകർ എത്തുമെന്നത് കണക്കിലെടുത്തുള്ള ഗതാഗത സൗകര്യം ഏർപ്പെടുത്തണം. പമ്പയിൽ നിന്ന് സന്നിധാനത്തേക്കുള്ള പാതയിൽ മൂന്ന് സ്ഥലങ്ങളിൽ വേഗത്തിൽ മലകയറുന്നതുമൂലം ഹൃദയാഘാതം സംഭവിക്കാൻ സാധ്യതയുണ്ടെന്നുള്ള വിവരം യുവജനങ്ങളെ അറിയിക്കുന്നതിന് ബോർഡുകൾ വയ്ക്കണം. ഇത്തവണ തീർഥാടനകാലത്ത് ഹൃദയാഘാതംമൂലം മരിച്ച 14പേരിൽ ഏഴുപേരും യുവാക്കളാണെന്നത് കണക്കിലെടുത്താണ് മന്ത്രി ഈ നിർദേശം നൽകിയത്.

പമ്പ കെ.എസ്.ആർ.ടി.സിയിൽ തീർഥാടകർക്ക് ചുക്കുവെള്ള വിതരണം നടത്തുന്നതിന് അയ്യപ്പസേവാസംഘത്തിന് ആവശ്യമായ സ്ഥലം അനുവദിക്കണമെന്ന് വനംവകുപ്പിന് മന്ത്രി നിർദേശം നൽകി. മണ്ഡലകാലത്ത് പത്തനംതിട്ട ജില്ലാ കളക്ടർ പി.ബി. നൂഹും ശബരിമല എ.ഡി.എം. എൻ.എസ്.കെ. ഉമേഷും വകുപ്പുകളെ മികച്ച രീതിയിൽ ഏകോപിപ്പിച്ചു. ഭക്തർ നല്ലതുമാത്രം പറഞ്ഞാണ് തീർഥാടനത്തിനുശേഷം സംതൃപ്തിയോടെ മടങ്ങുന്നത്. തീർഥാടകർക്ക് നല്ല സേവനം നൽകിയതിന് ഉദ്യോഗസ്ഥരോടും സന്നദ്ധപ്രവർത്തകരോടും സർക്കാരിനുള്ള നന്ദി മന്ത്രി അറിയിച്ചു.

ശബരിമലയിലേയും  പമ്പയിലേയും നിലയ്ക്കലിലേയും ടോയ്‌ലറ്റുകൾ മികച്ച രീതിയിലാണ് ദേവസ്വം ബോർഡ് പരിപാലിക്കുന്നത്. തുടർന്നുള്ള തീർഥാടനകാലത്തും ടോയ്‌ലറ്റുകളുടെ ശുചിത്വം ഉറപ്പാക്കാൻ ദേവസ്വം ബോർഡ് ശ്രദ്ധിക്കണം. ആവശ്യമെങ്കിൽ കൂടുതൽ ജീവനക്കാരെ ഇതിനായി നിയോഗിക്കണമെന്നും മന്ത്രി പറഞ്ഞു.

ശബരിമല തീർഥാടകർക്ക് ആവശ്യമായ യാത്രാസൗകര്യം ഒരുക്കുന്നതിന് ശബരിമല എ.ഡി.എമ്മിന്റെ നേതൃത്വത്തിൽ പോലിസുമായി കെ.എസ്.ആർ.ടി.സി. ഏകോപിച്ച് പ്രവർത്തിക്കണമെന്ന് രാജു എബ്രഹാം എം.എൽ.എ പറഞ്ഞു. നിലയ്ക്കൽ മുതൽ പമ്പവരെ ബി.എസ്.എൻ.എല്ലിന്റെ കവറേജ് മെച്ചപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ശബരിമല തീർഥാടനം മികച്ച രീതിയിൽ നടത്തുന്നതിന് മുഖ്യമന്ത്രി പിണ

റായി വിജയൻ വലിയ ഇടപെടലാണ് നടത്തിയതെന്ന്  പി.സി. ജോർജ് എം.എൽ.എ. പറഞ്ഞു. എക്കാലത്തേയും മികച്ച ശബരിമല തീർഥാടനമാണ് ഇത്തവണത്തേത് എന്നും അദ്ദേഹം പറഞ്ഞു.

തീർഥാടനം ഭംഗിയായി മുന്നോട്ട് പോവുകയാണെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എൻ. വാസു പറഞ്ഞു. അന്നദാനത്തിന് വിപുലമായ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അപ്പം-അരവണ എന്നിവയുടെ മതിയായ ശേഖരം ഉറപ്പാക്കിയിട്ടുണ്ട്. നെഗറ്റീവ് പറയാനില്ലാത്ത തീർഥാടനകാലം കൂടിയാണ് കടന്നുപോകുന്നതെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞു.

ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണാദേവി, പൊതുഭരണ-ദേവസ്വം സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, ജില്ലാ കളക്ടർ പി.ബി. നൂഹ്, കോട്ടയം ജില്ലാ കലക്ടർ പി.കെ. സുധീർബാബു, ജില്ലാ പോലീസ് മേധാവി ജി. ജയദേവ്, ശബരിമല എ.ഡി.എം. എൻ.എസ്.കെ. ഉമേഷ്, തിരുവല്ല സബ്കളക്ടർ ഡോ. വിനയ് ഗോയൽ, ദേവസ്വം കമ്മീഷണർ എം. ഹർഷൻ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ. ശബരി-193)

## സന്നിധാനത്ത് പാണ്ടിമേളത്തിന്റെ താളപ്പൊലിമ ഒരുക്കി എക്സൈസ് വകുപ്പ്

ശബരിമല സന്നിധാനത്ത് ഇന്നലെ വൈകീട്ട് തൃശൂർ ജില്ലയിലെ എക്സൈസ് വകുപ്പ് ഓഫീസർമാരുടെയും ജീവനക്കാരുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പാണ്ടിമേളം കൗതുകമായി. ചെറുശ്ശേരി കുട്ടൻമാരാരുടെ നേതൃത്വത്തിൽ 121 കലാകാരന്മാർ അണിനിരന്ന മേളമാണ് സന്നിധാനത്ത് അരങ്ങേറിയത്.

2014ൽ 51പേരുമായി ആദ്യമായി സന്നിധാനത്ത് മേളം തീർത്ത ഈ സംഘം തുടർച്ചയായി ആറാം തവണയാണ് ഇക്കുറി എത്തുന്നത്. ഒരുരൂപ പോലും പ്രതിഫലം വാങ്ങാതെയാണ് ഈ കലാകാരന്മാർ സന്നിധാനത്തെത്തി കലാപ്രകടനം നടത്തുന്നത്. തൃശൂർപൂരത്തിന്റെ തിരുവമ്പാടി, പാറമേൽക്കാവ് വിഭാഗങ്ങൾക്ക് മേളം ഒരുക്കുന്നവരാണ് സംഘാംഗങ്ങൾ എല്ലാവരും. എക്സൈസ് ഇൻസ്പെക്ടർ ടൈറ്റസിന്റെയും  പ്രിവന്റീവ് ഓഫീസർ കെ.എം. സജീവിന്റേയും നേതൃത്വത്തിലാണ്  ആറ് വർഷമായി സന്നിധാനത്ത് പാണ്ടിമേളം അരങ്ങേറുന്നത്. സംഘത്തെ ഇവിടെ കൊണ്ടുവന്ന് മേളത്തിനുശേഷം തിരിച്ച് നാട്ടിലെത്തിക്കാനുള്ള ചിലവ് മാത്രമാണ് എക്സൈസ് വകുപ്പ് വഹിക്കുന്നത്. മേളം പഠിക്കാത്ത എക്സൈസ് ഇൻസ്പെക്ടർ ടൈറ്റസ് ഈ മേളക്കാരുടെ ഏറ്റവും വലിയ സുഹൃത്താണെന്നതും സവിശേഷതയാണ്. കേരളത്തിൽ എവിടെ മേളം നടന്നാലും മേളപ്രമാണിമാരോടൊപ്പം  ടൈറ്റസിനേയും കാണാം.

60ഓളം ചെണ്ടക്കാരും 25ഓളം കൊമ്പ്വാദ്യക്കാരും 15 കുറുങ്കുഴൽ വാദ്യക്കാരും ബാക്കി ഇലത്താളക്കാരുമാണ് സംഘത്തിലുള്ളത്. തന്ത്രി കണ്ഠരര് മഹേഷ് മോഹനരും മേൽശാന്തി എ.കെ. സുധീർ നമ്പൂതിരിയും ചേർന്ന് ദീപം തെളിച്ചാണ് പാണ്ടിമേളത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. മേളം രണ്ട്മണിക്കൂർ നീണ്ടു.

(പി.ആർ. ശബരി-194)

## ഫോട്ടോ അടിക്കുറിപ്പ്

1) പമ്പയിൽ പൂങ്കാവനം ശിൽപാവിഷ്ക്കാരം ദേവസ്വംവകുപ്പ് മന്ത്രി
കടകംപള്ളി സുരേന്ദ്രൻ
ഉദ്ഘാടനം ചെയ്യുന്നു

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 18 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-3


ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

### ശബരിമല നാളത്തെ(18.12.19 )ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.20 ന് നെയ്യഭിഷേകം
(3.20 മുതൽ 7 മണിവരെ
8 മണി മുതൽ 11.15 വരെയും)
3.30 ന് ഗണപതിഹോമം
7.30 ന് ഉഷപൂജ
11.50 ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
തുടർന്ന് 1 മണിക്ക് നട അടയ്ക്കും.
4 മണിക്ക് നട തുറക്കൽ
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം

9.30 ന്      അത്താഴപൂജ

രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.